**പതിനാലാം കേരള നിയമസഭ**
**പതിനെട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1157** **06.02.2020-ൽ മറുപടിക്ക്**

## കൊണ്ടോട്ടിയിലെ റോഡ് നവീകരണം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.ടി.വി. ഇബ്രാഹിം** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) കൊണ്ടോട്ടി ടൗണിൽ ഓൾഡ് കോഴിക്കോട്-പാലക്കാട് റോഡ് വീതികൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥ അറിയിക്കാമോ; | (എ) ഓൾഡ് കോഴിക്കോട് - പാലക്കാട് റോഡിൽ റോഡ് വീതികൂട്ടുന്നതിന് ഭൂമി ഏറ്റെടുക്കുന്നതിന് 24/01/2020-ലെ സ.ഉ(സാധാ) നം.323/2020/ആർ.ഡി തീയതി പ്രകാരം റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) ഭൂവുടമകൾ സമ്മതപത്രം ഒപ്പിട്ട് നൽകി വർഷങ്ങൾ കഴിഞ്ഞിട്ടും നടപടിക്രമങ്ങൾ പൂർത്തീകരിക്കാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | (ബി) ഭൂമി ഏറ്റെടുക്കുന്നതിനായി ചില ഭൂവുടമകൾ മുമ്പ് സമ്മതപത്രം നൽകുന്നതിന് വിസമ്മതിച്ചിരുന്നു. ഈയിടെ മാത്രമാണ് സമ്മതപത്രം ലഭ്യമായത്. അതുപ്രകാരം ഇപ്പോൾ റവന്യൂ വകുപ്പ് അനുമതി നൽകിയിട്ടുണ്ട്. |
| (സി) ഭൂമി വിട്ട് നൽകാൻ സന്നദ്ധത അറിയിച്ച ഭൂവുടമകൾക്ക് നഷ്ടപരിഹാരം കിട്ടുന്നതിനുള്ള നടപടിക്രമം, നഷ്ടപരിഹാരം കിട്ടുന്നതിനുള്ള കാലയളവ് തുടങ്ങിയ കാര്യങ്ങൾ അറിയിക്കാമോ? | (സി) റവന്യൂ വകുപ്പ് ഭൂവുടമകളുമായി ബന്ധപ്പെട്ട് ഭൂവില നിശ്ചയിച്ച് നൽകേണ്ടതുണ്ട്. ലഭിച്ച ഭരണാനുമതി പ്രകാരം അക്വിസിഷൻ/ ഡയറക്ട് പർച്ചേസ് മുഖേന നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് കക്ഷികളിൽ നിന്ന് സ്ഥലം ഏറ്റെടുത്ത് നഷ്ട പരിഹാരം നൽകുന്നതിനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ